പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4206 13.12.2018 ലെ മറുപടിക്ക്

**കയർ ഉത്പാദനം മെച്ചപ്പെടുത്തി തൊഴിൽ ഉറപ്പു വരുത്തുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കയർ ഉത്പാദനം മെച്ചപ്പെടുത്തുന്നതിനും കയർ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് കയർ മേഖലയ്ക്ക് ഉണർവേകാൻ, കയറിന്റെ രണ്ടാം പുന:സംഘടനയുടെ ഭാഗമായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെൻററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ടുസംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉത്പാദിപ്പിച്ച് കയർ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം പുന:സംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുന:സംഘടിപ്പിക്കുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും രണ്ടാം പുന:സംഘടനയിലൂടെ ലക്ഷ്യമിടുന്നു. കയർ വ്യവസായ മേഖലയെ ആധുനികവത്ക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണയന്ത്രവത്ക്കരണം നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 50 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 2019 ഫെബ്രുവരിയോടെ 50 ഡി.എഫ്. മില്ലുകൾ കൂടി പൂർത്തിയാക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>കയർപിരി മേഖലയിൽ ഉത്പ്പാദനം വർദ്ധിപ്പിക്കാനായി 8000 ത്തോളം ഇലക്ട്രോണിക് റാട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകുകയും 2500 ഓളം റാട്ടുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഉത്പ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ തൊഴിലാളികളുടെ തൊഴിലവസരവും വേതനവും ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നു. കയർ ജിയോ ടെക്സ്റ്റൈയിൽസ്, കയർ നീഡിൽഫെൽറ്റ്, കയർ കോമ്പോസിറ്റുകൾ എന്നിവയാണവ. ഫോമിലിന്റെ കീഴിൽ കണിച്ചുകളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. മേൽ വിശദീകരിച്ച പദ്ധതികൾ സംസ്ഥാനത്തെ കയർ ഉൽപ്പാദനം |

| | |
|---|---|
| | മെച്ചപ്പെടുത്തുന്നതിനും, തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും സഹായകരമാകുമെന്ന് പ്രതീക്ഷയുണ്ട്. |
| ബി) പ്രതിവർഷം കേരളത്തിലേക്ക് എത്ര ടൺ ചകിരി ഇറക്കുമതി ചെയ്യുന്നുവെന്നും ചകിരിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം നിലവിലുണ്ടോയെന്നും വിശദീകരിക്കുമോ; | ബി) കേരളത്തിലേക്ക് അന്യ സംസ്ഥാനങ്ങളിൽ നിന്നും 2017-18 വർഷത്തിൽ 2070.50 ടൺ ചകിരിയും 2018-19 വർഷം 3167.71 ടൺ ചകിരി നാളിതുവരെയും കയർഫെഡ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളായ അംഗസംഘങ്ങൾ പരിശോധിച്ച് ബോദ്ധ്യപ്പെടുന്ന ഗുണനിലവാരത്തിനനുസൃതമായ വില മാത്രം ഈടാക്കുന്ന രീതിയാണ് ഇപ്പോൾ തുടർന്നുവരുന്നത്. |
| സി) കയർ ഫെഡിന്റെ ഉത്പന്നങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയക്കുന്നുണ്ടോ; ഇതിൽ നിന്ന് 2017-18 സാമ്പത്തിക വർഷത്തിൽ എത്ര തുക ലഭിച്ചുവെന്ന് വിശദീകരിക്കുമോ? | സി) ഉണ്ട്. 18.06 ലക്ഷം രൂപയുടെ സാധനങ്ങൾ കയർഫെഡ് കയറ്റി അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ